## ജി. വി. എച്ച്. എസ്സ്. എസ്സ്.
## ചാലക്കുടി



# ജാലകം



OUR HEADMISTRESS

Smt SANGEETHA P S

തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുട വിദ്യാഭ്യാസ ജില്ലയിൽ ചാലക്കുടി ഉപജില്ലയിൽ സ്ഥിതിചെയ്യുന്ന ഈ സ്കൂൾ ചാലക്കുടി ഗവൺമെന്റ് ബോയ്സ് സ്കൂൾ എന്നാണ് പൊതുവെ അറിയപ്പെടുന്നത്. 1895 ൽ പ്രവർത്തനമാരംഭിച്ച ഈ സ്കൂൾ 2021 മുതൽ ചാലക്കുടി നിയോജകമണ്ഡലത്തിലെ അന്താരാഷ്ട്ര നിലവാരത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ എന്ന പദവിയിലേക്ക് മാറി. 5 മുതൽ 12 വരെയാണ് സ്കൂളിന്റെ തലം എങ്കിലും എൽ പി വിഭാഗവും അധ്യാപക പരിശീലന സ്ഥാപനവും (ടി ടി ഐ ) ഈ കോമ്പൗണ്ടിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്.ചാലക്കുടി ഗവൺമെന്റ് ബോയ്സ് സ്കൂൾ എന്നാണ് ഈ വിദ്യാലയം ചാലക്കുടയിൽ അറിയപ്പെടുന്നത്. 1895 ൽ പ്രവർത്തനമാരംഭിച്ചു. 122 വർഷങ്ങൾ പിന്നിട്ട ഈ സ്കൂളിന് ഒരുപാട് പൈതൃകവും അനുഭവവും ചരിത്രവും ഉണ്ട് .




രാജഭരണകാലത്തുണ്ട
ായിരുന്ന ഈ സ്ക്കൂൾ
നടത്തിക്കൊണ്ടുപോകാ
ൻ കഴിയാതെ
വന്നപ്പോൾ
നാട്ടുപ്രമാണികളായ
കോടശ്ശേരി
കർത്താക്കൾ
ശുവാത്തുമന
നമ്പൂതിരിമാർ
എന്നിവർ ചേർന്ന്
കെട്ടിടം പണിതു
ഗവൺമെന്റിനെ
ഏല്പിച്ചു. 1936-37
ലാണ് ഇത് ഹൈ
സ്ക്കൂൾ ആക്കിയത്.
തുടക്കത്തിൽ ഈ
സ്ക്കൂളിന്റെ ഹെഡ്
മാസ്റ്റർ വരദ രാജു
അയ്യർ ആണെന്ന്
കരുതുന്നു. 1930ൽ
രണ്ടുനില
കെട്ടിടമായിരുന്നു.
1940ൽ ഉണ്ടായ
കൊടുങ്കാറ്റിൽ മേൽക്കൂര
ഇളകിയതിനെത്തുടർ
ന്നു പൊളിച്ച് ഇന്ന്
കാണുന്ന
രൂപത്തിലുള്ള കെട്ടിടം
പണികഴിപ്പിച്ചു.
1952ൽ ഈ സ്ക്കൂൾ
ഗ്രൗണ്ടിൽ
ജവഹർലാൽ നെഹ്റു
പ്രസംഗിക്കുകയുണ്ടായി.
പനമ്പിള്ളി
മെമ്മോറിയൽ
ഗവണ്മെന്റ് കോളേജ്
ഈ കോംപൗണ്ടിലാണ്
ആരംഭിച്ചത്
കേരളത്തിലെ ഏറ്റവും
വലിയ കളിസ്ഥലം ഈ
സ്ക്കൂളിന്റേതായിരുന്നു.
ആ കളിസ്ഥലം

മുറിച്ചുകൊണ്ടാണ് നാഷണൽ ഹൈ വേ 47 കടന്നുപോയത്.

ചാലക്കുടി മുനിസിപ്പൽ ഓഫീസിനു മുൻപിൽ ഹൈസ്ക്കൂൾ(5-10), വി എച്ച് എസ് എസ്, എച്ച് എസ് എസ്, ടി ടി ഐ , എൽ പി എന്നിങ്ങനെ അഞ്ചു വിഭാഗങ്ങൾ ഉൾപ്പെടുന്ന ഒരു വിദ്യാഭാസ സമുച്ചയമാണിത്. എൻ എച്ച് 47(ഇപ്പോൾ NH 544) ന്റെ പടിഞ്ഞാറുവശത്തു സ്ഥിതിചെയ്യുന്ന സ്ക്കൂളിന്റെ ഉടമസ്ഥതയിലുള്ള സ്ഥലമാണ് എൻ എച്ചിന് കിഴക്കുവശത്തുമുള്ളത്. ഹൈ വേക്കരികിലുള്ള കളിസ്ഥലം കൂടാതെ സ്ക്കൂളിന് തെക്കുഭാഗത്ത് ഒരു കളിസ്ഥലം കൂടി ഉണ്ട്.ധാരാളം തണൽമരങ്ങൾ നിറഞ്ഞ ഒരു ഹരിത വിദ്യാലയ മാണിത്. ഹൈസ്ക്കൂളിനും ഹയർസെക്കണ്ടറിക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. ഇന്റർനെറ്റ്, വൈഫൈ സൗകര്യങ്ങൾ ലഭ്യമാണ്.

# GEOMETRICAL PATTERN






# OUR STAFF

# പാത്തുമ്മയുടെ ആട്

മലയാള

സാഹിത്യത്തിലെ

സുൽത്താൻ

വൈക്കം മുഹമ്മദ്

ബഷീറിന്റെ

മനോഹരമായ രചനയാണ് 'ഭൂമിയുടെ

അവകാശികൾ'



മനുഷ്യനെ പോലെതന്നെ മറ്റു ജീവജാലങ്ങൾക്കും ഈ ഭൂമിയിലും ഇവിടുത്തെ വിഭവങ്ങൾക്കും അവകാശമുണ്ടെന്ന് പറയുകയാണ് ഈ കഥയിൽ.

താൻ വിലകൊടുത്തു വാങ്ങിയ തനിക്കു മാത്രം അവകാശമുള്ള പുരയിടത്തിൽ അനുവാദം കൂടാതെ കടന്നു വരുന്ന പക്ഷികൾ, ചിത്രശലഭങ്ങൾ,പാമ്പ്, പഴുതാര തുടങ്ങിയ ജീവികളെ കൊല്ലാൻ നിൽക്കാത്ത ഗൃഹനാഥനും അവയെ തുരത്തി ഓടിക്കാൻ അയാളുടെ ഭാര്യ നടത്തുന്ന ശ്രമങ്ങളുമാണ് ഈ കഥയിൽ.

പാമ്പിനെ കണ്ടപ്പോഴും പഴുതാര കടിച്ചപ്പോഴും തനിക്ക് എന്ത് സംഭവിച്ചാലും കുഴപ്പമില്ല അവയെ കൊല്ലരുത് അവ ഈശ്വര സൃഷ്ടിയാണ് എന്ന് പറയുന്ന ഗൃഹനാഥനും തൊടിയിലെ ചക്കയും മാങ്ങയും അണ്ണാനും കാക്കയും തിന്നു പോകുന്നുവെന്ന് ഭാര്യ പരാതി പറയുമ്പോൾ പ്രകൃതി വിഭവങ്ങൾ മനുഷ്യന് മാത്രം ഉള്ളതല്ല ഭൂമിയിലെ ഉൽപ്പന്നങ്ങൾ എല്ലാ അവകാശികൾക്കും കൂടിയാണെന്ന് അദ്ദേഹം പറയുന്നു. തന്റെ ജീവിത സൈര്വം നശിപ്പിക്കാൻ വന്ന ജീവികളെയും തന്റെ കുടുംബം മാത്രമാണ് പ്രപഞ്ചം എന്ന വിചാരത്തിലേക്ക് ചെറുതാകാനും ഗൃഹനാഥൻ തയ്യാറാകുന്നില്ല

മറ്റു ജീവികളുടെ ആവാസ മേഖലകളിലേക്കുള്ള മനുഷ്യന്റെ കടന്നു കയറ്റം ജീവ ജീവജാലങ്ങളുടെ വംശനാശത്തിനു കാരണമായി കൊണ്ടിരിക്കുന്ന ഈ കാലത്ത് മറ്റൊന്നിനേയും നശിപ്പിക്കാതെ മനുഷ്യന് ജീവിക്കാൻ കഴിയില്ലേ? എന്ന അദ്ദേഹത്തിന്റെ അന്വേഷണത്തിന് ഏറെ പ്രസക്തിയുണ്ട്.

# അഭിമാന നിമിഷങ്ങൾ

എസ് എസ് എൽ സി 2022 -2023 അധ്യയനവർഷം 100%
വിജയവും സാഗർ സജീവ്,അജ്മൽ പി എസ് എന്നിവർ
ഫുൾ **A**+ ഉം നേടി .അഫ്സൽ റഹ്മാൻ 9 A +ഉം നേടി



# എന്റെ നാട്

പച്ചപ്പ് വിരിച്ചതു പോലെയുള്ള പാടങ്ങളും, കള
കളമൊഴുകുന്ന നദികളും, പക്ഷികളുടെ മധുരമായ
ഗാനങ്ങളും,തണുത്ത ഇളം
കാറ്റും,സൂർന്റെ ചിരിച്ചുകൊണ്ടുള്ള വരവും, പൂക്കളുടെ
ഗന്ധവും,കോഴികളുടെ ക്രൂവലും ഇവയൊക്കെ നമ്മുടെ
മനസ്സിൽ ആഹ്ളാദം ഉണ്ടാക്കുന്നവയാണ്.



സംസ്ഥാന ബാലചിത്രരചന മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ ഇഷാൻ കെ പി ക്ലാസ് 10



# അമ്മ എന്ന മാസ്മരികത

അമ്മയെന്നാൽ ഒരോരുത്തർക്കും എറ്റവും പ്രിയപ്പെട്ടത്  എന്നർത്ഥം.........

സ്വന്തം ജീവിതവും ജീവനും ഉഴിഞ്ഞുവച്ചവളാകണം അമ്മ. ഒരു കുഞ്ഞു ജീവനെ പത്തു  മാസം അവളുടെ വയറ്റിൽ ചുമന്നു നൊന്തു പ്രസവിച്ചു, കഷ്ടപ്പാടുകൾ  സഹിച്ചു വളർത്തിയെടുത്തവൾ ആണ് അമ്മ. പത്തമ്മ ചമഞ്ഞാലും പെറ്റമ്മ ആകില്ലെന്നും പറയാറുണ്ട്. അമ്മയുള്ളപ്പോൾ പ്രായം നോക്കാതെ   നാം കുഞ്ഞുങ്ങളാകുന്നു, അമ്മ നമ്മെ കുഞ്ഞുങ്ങളാക്കുന്നു.........

ഒരുതരത്തിൽ പറഞ്ഞാൽ എല്ലാ പെൺകുട്ടിയിലും ഒരു അമ്മയുണ്ട്.......

അമ്മയുടെ വിവിധ ഭാവങ്ങളും പലപ്പോഴായി പല പ്രായങ്ങളിലായി പ്രതിഫലിക്കാറുണ്ട്.

അമ്മയാണ് സ്നേഹം

എന്നതും അമ്മക്ക് തുല്യം അമ്മ  മാത്രം എന്നതും നമുക്ക് നിത്യ ജിവിത്തിലെ പ്രയോഗങ്ങളാണല്ലോ.

കുട്ടികളുടെ കുഞ്ഞു കുഞ്ഞു വാശികൾ നടപ്പിലാക്കാനും അവർക്കു വേണ്ടി കഷ്ടപ്പെടാനും തയ്യാറായ പഠിക്കുമ്പോൾ കൂട്ടിരിക്കാനും ഉണരുമ്പോൾ ഒപ്പം ഉണരാനും കൂടെ എപ്പോഴും കൊണ്ടുനടക്കാനും കൂട്ടുകാരിയെ പോലെയും ചേച്ചിയെ പോലെയും സ്നേഹിച്ചും ശാസിച്ചും കൂട്ടുകൂടാനും ..... തെറ്റുകൾ തിരുത്താനും ശരിയായ രിതിയിൽ തിരുത്തി കൊടുക്കാനും കഴിയുന്നവർ ആകണം അമ്മ......






ചാലക്കുടി ഉപജില്ലാ ശാസ്ത്രമേളയിൽ കുട്ടികൾ സജീവമായി പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു .പ്രവൃത്തിപരിചയ മേളയിൽ ഓവറോൾ മൂന്നാം സ്ഥാനവും ഗവണ്മെന്റ് സ്കൂളുകളിൽ ഒന്നാം സ്ഥാനവും നേടി

ചാലക്കുടി ഉപജില്ലാ സബ്ജൂനിയർ വിഭാഗം ഹാൻഡ്ബാൾ ഒന്നാംസ്ഥാനം



# *Full Forms*

**PDF –** Portable Document Format
**SIM –** Subscriber Identity Module
**WI-FI-** Wireless Fidelity
**GOOGLE-** Global Organization of Oriented Group Language of Earth
**YAHOO-**Yet Another Hierarchical Officious Oracle
**WINDOWS-**Wide Interactive Network Development for Office Work Solution
**COMPUTER-** Common Oriented Machine Particularly United and used under Technical and Educational Research
**VIRUS-**Vital Information Resources Under Siege
**UPS-** Uninterruptible Power Supply
**HDMI-** High Definition Multimedia Interface
**VGA-**Video Graphics Array
**USB-**Universal Serial Bus
**WLAN-** Wireless Local Area Network
**OTG-** On-The-Go
**APK-** Authenticated Public Key
**DELL-**Digital Electronic Link Library
**ACER-**Acquisition Collaboration Experimentation
**VPN-** Virtual Private Network
**GPRS-** General Packet Radio Service
**DVD-** Digital Video Disk
**KITE-** Kerala Infrastructure and Technology for Education

# സ്നേഹം

അന്ന് ഒരു ഒഴിവു ദിവസമായിരുന്നു .ഞാൻ കളിക്കാൻ പോകുമ്പോൾ ആണ് മുത്തശ്ശിയുടെ വിളി വന്നത് . ഞാൻ  കാര്യം തിരക്കാൻ മുത്തശ്ശിയുടെ അടുത്തേക്ക് ചെന്നു. മുത്തശ്ശി പറഞ്ഞു  "ആ പാവക്ക വിത്ത് കുത്തി ഇടണം ". വിത്ത് കുത്തിയിടാൻ പന്തൽ ഒരുക്കിയ സ്ഥലത്തേക്ക് മുത്തശ്ശന്റെ യും മുത്തശ്ശി യുടേയും കൂടെ ഞാൻ പോയി .വിത്തെല്ലാം നട്ടു കഴിഞ്ഞതിനു ശേഷം ആണ്  ഞാൻ അത് കണ്ടത് ; രണ്ടു തേൻ കുരുവികൾ പറന്നു പോകുന്നു, ഇണകളാണ്.  അവ എന്റെ കൃഷി പന്തലിൽ കൂടൊരുക്കാൻ തുടങ്ങിയിട്ട്  കുറച്ചു ദിവസമായെന്നു തോന്നുന്നു .  ഇപ്പോൾ  അതിന്റെ അവസാന ഘട്ടം ആയിരിക്കുന്നു .പിന്നീട് കുറച്ചു നാൾ അത് ഞാൻ നിരീക്ഷിച്ചില്ല . പിന്നീട് ഒരു ദിവസം പോയി നോക്കിയപ്പോൾ ,അതിൽ രണ്ട് മുട്ടകൾ .മുട്ട വിരിയുന്നതുവരെ അതിനെ ശല്യം ചെയ്യേണ്ടെന്ന് കരുതി ഞാൻ അവിടേക്കു പോയതേയില്ല .

.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ കിളികുഞ്ഞുങ്ങളുടെ ശബ്ദം.മുട്ടവിരിഞ്ഞു എന്നു തോന്നുന്നു. കൂട്ടിൽ നോക്കിയപ്പോൾ രണ്ടു കുഞ്ഞിക്കുരുവികൾ .പിന്നീട് എല്ലാ ദിവസവും അവയെ നിരീക്ഷിക്കുകയെന്നതായി എന്റെ ജോലി . ഇപ്പോൾ കുഞ്ഞുങ്ങൾ കുറച്ചു വലുതായിരിക്കുന്നു . ഒരു ദിവസം സ്ക്കൂൾ വിട്ടുവരുമ്പോളാണ് ആ കാഴ്ച കാണുന്നത് ,കിളിക്കൂട് നിലത്തുവീണു കിടക്കുന്നു . ഞാൻ അതിനടുത്തേക്കു പോയപ്പോൾ ,രണ്ടുകുഞ്ഞിക്കുരുവികളും നിലത്തു വീണുകിടക്കുന്നുണ്ട് .അവയ്ക്ക് തൂവൽ വച്ചിട്ടുണ്ട് , അത് ചെറിയരീതിയിൽ പറക്കാനും ശ്രമിക്കുന്നുമുണ്ട് .

# Sun the source

In the earth there were several elements. Some we know and some invisible from our eyes. The light energy is an element & it is visible to us In our daily life. the sun is the source of light energy this energy is very essential for all human beings.  Do you ever think about the sun get destroyed. Then the all living beings would die one by one Because of hunger. The animals under the ocean will survive longer only because of the plant energy. When  the sun get destroyed the earth becomes frozen & the ocean animals can survive for a few years under the ocean.

നന്ദി...............................